## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1455** | **10-10-2024 - ൽ മറുപടിയ്ക്ക്**

## താൽക്കാലിക നിയമനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിന്റെയും വിവിധ സർക്കാർ ഏജൻസികളുടെയും താൽക്കാലിക നിയമനങ്ങളിൽ ബഹുഭൂരിപക്ഷവും നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ല നടക്കുന്നത് എന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പിൽ നിന്നും നടത്തുന്ന സ്ഥാപന പരിശോധനകളിൽ ചില സ്ഥാപനങ്ങളിലെ തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെയുള്ള നിയമനങ്ങൾ നടത്തിയിട്ടുള്ളതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം നിയമനങ്ങൾ സി.എൻ.വി. (കംപൾസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ്) ആക്റ്റിന് വിധേയമായി സർക്കാർ പുറത്തിറക്കിയ 05.02.2014 -ലെ 25941/ജി. 2/2013/എൽ.ബി.ആർ. സർക്കുലറിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണോ എന്ന് അറിയിക്കാമോ; | (ബി) | 1959 ലെ സി.എൻ.വി ആക്റ്റ് പ്രകാരം സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കമ്പനികൾ, കോർപ്പറേഷനുകൾ, സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ഒഴിവുകൾ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും അപ്രകാരം അറിയിക്കുന്ന ഒഴിവുകളിൽ പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയ്ക്ക് പുറത്ത് വരുന്നവ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തണമെന്നും വിവിധ സർക്കുലറുകളിലൂടെ സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വകുപ്പ് നടത്തിയിട്ടുള്ള സ്ഥാപന പരിശോധനകളിൽ വിവിധ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ടി സർക്കുലറിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ ചില നിയമനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. |
| (സി) | പി.എസ്.സി. ക്ക് വിടാത്ത തസ്തികളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തണമെന്ന സർക്കുലർ നിർദ്ദേശം പാലിക്കപ്പെടുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയത്തിൽ എന്ത് തുടർനടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (സി) | പി.എസ്.സി യ്ക്ക് വിടാത്ത തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തണമെന്ന സർക്കാർ നിർദ്ദേശം എല്ലാ സ്ഥാപന മേധാവികളും പാലിക്കുന്നില്ലെന്ന് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന്റെ സ്ഥാപന പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. വകുപ്പിലെ ആക്റ്റ് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/ |

| | | | |
|---|---|---|---|
| | | | എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ സ്ഥാപന പരിശോധനകൾ നടത്തി നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടത്തുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. |
| (ഡി) | ഇതുമൂലം ഇത്തരം നിയമനങ്ങളിലെ സംവരണം അട്ടിമറിക്കപ്പെടുന്നുണ്ടോയെന്ന കാര്യം സർക്കാർ പ്രത്യേകം പരിശോധിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിൽ സംവരണതത്വം പാലിച്ചാണ് ബന്ധപ്പെട്ട സ്ഥാപനങ്ങളിലേയ്ക്ക് ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് നൽകി വരുന്നത്. ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ അറിയിക്കാതെയുള്ള നിയമനങ്ങളിൽ സംവരണതത്വം പാലിച്ചിട്ടുണ്ടോയെന്ന വിവരം വകുപ്പിൽ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ